Report on Labour situation.

423. MR. P. S. MUHAMMED: Will the Honourable Minister for Labour be pleased to state:

(*a*) whether the Labour department has cared to study the labour situation and submitted any report on it; and

(*b*) if so, will he be pleased to place a copy of the report on the table of the members of this House?

HON'BLE MR. C. KESAVAN: (*a*) The Labour Department deals with labour situations as and when they crop up from day to day and submits reports to Government from time to time.

(*b*) Departmental reports of the kind are of a strictly confidential nature.

MR. P. S MUHAMMED: ലേബർ ഡിപ്പാർട്ടമെന്റിൽ നിന്നും ഇപ്പോൾ ആലപ്പുഴയിൽ തൊഴിലാളികളുടെ ഇടയിൽ നടക്കുന്ന ബഹളങ്ങളെപ്പറ്റി വല്ല റിപ്പോർട്ടും ഗവണ്മെന്റിന് കിട്ടിയിട്ടുണ്ടോ?

HON'BLE MR. C. KESAVAN: ബഹളങ്ങളെപ്പറ്റി റിപ്പോർട്ടുകൾ ഒന്നും കിട്ടിയിട്ടില്ല. അവിടെ ഒരാൾ നിരാഹാരസത്യാഗ്രഹം ചെയ്യുന്നതായി റിപ്പോർട്ട് കിട്ടിയിട്ടുണ്ട്.

MR. K. RAMAKRISHNA PILLAI: ഫാക്ടറികളുടെ മുമ്പിൽ തൊഴിലാളികൾ സത്യാഗ്രഹം നടത്തുന്നതിനെപ്പറ്റി ഗവണ്മെൻറിന റിപ്പോർട്ടുകൾ കിട്ടിയിട്ടുണ്ടോ?

HON'BLE MR. C. KESAVAN: ഉണ്ട്.

MR. P. S. MUHAMMED: സ്വതന്ത്രതൊഴിലാളി യൂണിയനിൽപ്പെട്ടവരും പിക്കറിംഗ് നടത്തുന്നുണ്ടെന്നറിയാമോ?

HON'BLE MR. C. KESAVAN: അറിയാം.

MR. ABDUL AZIZ: ആലപ്പുഴ ഫാക്ടറിൽ ഇട്ടിരിക്കുന്ന തൊഴിലാളി തടവുകാർ ഇപ്പോൾ നിരാഹാരവ്രതം അനുഷ്ഠിച്ചുവരുന്നതായറിയാമോ?

HON'BLE MR. C. KESAVAN: കുറേപ്പേർ നിരാഹാരവ്രതം അനുഷ്ഠിക്കുന്നതായി അറിയാം.

MR. ABDUL AZIZ: എത്രപേർ ആണ് നിരാഹാരവ്രതം അനുഷ്ഠിക്കുന്നത്?

HON'BLE MR. C. KESAVAN: അതെപ്പറ്റി സൂക്ഷ്മവിവരം എനിക്ക് ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

MR. P. S. MUHAMMED: നിരാഹാരവ്രതംനിമിത്തം ആശുപത്രിയിലേക്ക് എത്രപേരെ മാറേണ്ടതായിട്ട് വന്നിട്ടുണ്ടെന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. A. THANU PILLAI : I will give more comprehensive answer,

ആദ്യം ഒരാൾ നിരാഹാരവ്രതം തുടങ്ങി. തുടർന്ന് പിന്നെ 4 പേർ കൂടി തുടങ്ങി. ഇവർ 5 പേരേയും ആശുപത്രിയിലേയ്ക്കയച്ചു.

MR. ABDUL AZIZ : അവരുടെ ജീവൻ ഇപ്പോൾ അപകടത്തിലാണെന്നറിയാമോ?

HON'BLE MR. A. THANU PILLAI : ഗവണ്മെൻറ് അങ്ങിനെ മനസ്സിലാക്കിയിട്ടില്ല.

MR. ABDUL AZIZ : അവർ നിരാഹാരവ്രതം തുടങ്ങിയിട്ട് എത്ര ദിവസമായെന്നറിയാമോ?

HON'BLE MR. A. THANU PILLAI : ഒരാൾ ഫെബ്രുവരി മുതലും രണ്ടു പേർ ഫെബ്രുവരി മുതലും പിന്നൊരാൾ മാർച്ച് മുതലും പിന്നെ രണ്ടു പേർ മാർച്ച് മുതലും നിരാഹാരവ്രതം തുടങ്ങി.

MR. ABDUL AZIZ : അവരുടെ ജീവനെ രക്ഷിക്കുന്നതിന് ഗവണ്മെൻറ് എന്തെങ്കിലും നടപടികൾ നടത്തുന്നുണ്ടോ?

HON'BLE MR. A. THANU PILLAI : ആഹാരം കഴിക്കാതിരിക്കുന്നതുകൊണ്ട് അവരെ ആശുപത്രിയിൽ അയച്ചിരിക്കുകയാണ്.

MR. ABDUL RASAK (*Nedumangad I—Muslim*): Why were they sent to the Hôspital? Are they in any precarious position? Do they need any medical help?

HON'BLE MR. A. THANU PILLAI : അവർ പ്രിക്കേറിയസ് പൊസിഷനിൽ ഇരിക്കുകയാണെന്നറിഞ്ഞുകൂടാ.

MR. ABDUL AZIZ: ലാക്കപ്പിൽവച്ച തൊഴിലാളികളെ മർദ്ദിച്ചതായി അറിയാമോ?

HON'BLE MR. A. THANU PILLAI : അറിവില്ല.

MR. P. S. MUHAMMED: ലാക്കപ്പിൽ വച്ച തൊഴിലാളികളെ മർദ്ദിച്ചുവെന്നു കാണിച്ച് ആലപ്പുഴ ലേബർ യൂണിയനിൽനിന്നും ഗവണ്മെൻറിന് വല്ല കമ്പികളും കിട്ടിയിട്ടുണ്ടോ?

HON'BLE MR. A. THANU PILLAI : ഇപ്പോൾ എനിക്കൊരു കമ്പികിട്ടിയിട്ടുണ്ട്.

MR. A. P. UDAYABHANU (*Karunagappally II—General*): നിരാഹാരവ്രതം തുടങ്ങിയതായി ഇപ്പോൾ ഇവിടെ പറഞ്ഞതിയതി ഇംഗ്ലീഷ് തിയതിയല്ലേ?

LIBRARY ARCHIVES Kerala Legislative Assembly